**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് അതോറിറ്റി രൂപീകരണം - ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്)നം. 162/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി: 11/06/2012.**

---

പരാമർശം:- ചീഫ് ടൗൺ പ്ലാനറുടെ 03/01/12, 06/02/12, 06/03/12 ലെ ഇ2/10460/2011 നം. കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയുടെയും സമീപപ്രദേശത്തുള്ള മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കോട്, ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, അങ്ങാടിപ്പുറം എന്നീ പഞ്ചായത്തുകളുടെയും വികസനം ലക്ഷ്യമാക്കി വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യം 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി അതിലേയ്ക്കായി 25 ലക്ഷം രൂപ വകകൊള്ളിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. ആയതിലേക്കായി ചീഫ് ടൗൺ പ്ലാനർ പരാമർശം 1 ലെ കത്ത് പ്രകാരം പെരിന്തൽമണ്ണയുടെയും സമീപ പ്രദേശങ്ങളുടെയും സമഗ്രമായ വികസനത്തിന് ആ പ്രദേശത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ സമഗ്രമായ വളർച്ചയും വികസനസാധ്യതയും കണക്കിലെടുത്ത് വികസന അതോറിറ്റി രൂപീകരണം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി മാതൃനഗരമായി മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കോട്, ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, അങ്ങാടിപ്പുറം എന്നീ ഏഴ് പഞ്ചായത്തുകളെ ഉൾക്കൊള്ളിച്ച്കൊണ്ട് വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് താഴെപ്പറയുന്നവരെ അംഗങ്ങളാക്കി ഒരു ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടും ഇതിലേക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

**ജോയിന്റ് ടൗൺപ്ലാനിംഗ് കമ്മിറ്റി**

1. ടി സ്ഥലത്തെ ലോകസഭാംഗം/അംഗങ്ങൾ - മെമ്പർമാർ
2. ടി സ്ഥലത്തെ രണ്ട് നിയമസഭാ സാമാജികർ - മെമ്പർമാർ
3. പെരിന്തൽമണ്ണ മുനിസിപ്പൽ ചെയർമാൻ/ ചെയർപേഴ്സൺ } - മെമ്പർ
4. മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കോട്, ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, അങ്ങാടിപ്പുറം എന്നീ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ } - മെമ്പർമാർ
5. ഏഴ് സർക്കാർ നോമിനികൾ - മെമ്പർമാർ
6. നഗരാസൂത്രകൻ, മലപ്പുറം - മെമ്പർ

7. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നോമിനേറ്റ് ചെയ്യുന്ന ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ - മെമ്പർ

8. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ - മെമ്പർ

9. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - മെമ്പർ

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ.ബി.എ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി, നിയമവകുപ്പ്
സെക്രട്ടറി, റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (06-06-2012 ലെ ഇനം നം. 1599 പ്രകാരം)
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ടൗൺപ്ലാനർ, മലപ്പുറം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാകളക്ടർ, മലപ്പുറം
ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്(മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കോട്, ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, അങ്ങാടിപ്പുറം)
മുനിസിപ്പൽ ചെയർമാൻ, പെരിന്തൽമണ്ണ
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക
സെക്രട്ടറിയുടെ പി. എ. യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി. എ. യ്ക്ക്